**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.3** | **08.06.2015 ന് മറുപടിയ്ക്ക്**

## മദ്യ വിപണനത്തിലെ നിയന്ത്രണം

**ചോദ്യം**

**ശ്രീ.എൻ. ഷംസുദ്ദീൻ**
**,, സി.മമ്മൂട്ടി**
**,, കെ.മുഹമ്മദുണ്ണി ഹാജി**
**,, എം.ഉമ്മർ :**

**ഉത്തരം**

**ശ്രീ. കെ. ബാബു**
**(മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ബാറുകൾക്കുള്ള ലൈസൻസ് പഞ്ചനക്ഷത്ര ഹോട്ടലുകൾക്ക് മാത്രമായി പരിമിതപ്പെടുത്തുന്ന തീരുമാനം ഹൈക്കോടതി അംഗീകരിച്ച ശേഷം, മദ്യ വിപണന രംഗത്തുണ്ടായിട്ടുള്ള മാറ്റം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ബാറുകൾക്കുള്ള ലൈസൻസ് പഞ്ചനക്ഷത്ര ഹോട്ടലുകൾക്ക് മാത്രമായി പരിമിതപ്പെടുത്തുന്ന തീരുമാനം ഹൈക്കോടതി അംഗീകരിച്ചശേഷം മദ്യവിപണനരംഗത്തുണ്ടായിട്ടുള്ള മാറ്റം വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എഫ്.എൽ-9 വെയർ ഹൗസുകളിൽ നിന്നുമുള്ള വിദേശമദ്യ വിപണനത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ബിയറിന്റെ വിൽപ്പനയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) | 2015 ഏപ്രിൽ 1-ന് ശേഷമുള്ള രണ്ടു മാസം മദ്യ വിപണന മേഖലയിൽ നിന്നുള്ള വരുമാനത്തിൽ കഴിഞ്ഞ വർഷങ്ങളിലെ ഇതേ കാലയള വിലെ വരുമാനവുമായി ഉണ്ടായ അന്തരം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ; | (ബി) | 2015 ഏപ്രിൽ 1 നുശേഷമുള്ള 2 മാസം മദ്യവിപണനമേഖലയിൽ നിന്നുള്ള വരുമാനത്തിൽ കഴിഞ്ഞ വർഷങ്ങളിലെ ഇതേ കാലയളവിലെ വരുമാനത്തിലുണ്ടായ അന്തരം പരിശോധിച്ചിട്ടുണ്ട്.<br>2015-16 ഏപ്രിൽ മാസത്തിൽ വിദേശമദ്യ വിൽപ്പനയിൽനിന്നുള്ള വരുമാനം മുൻവർഷത്തെ ഏപ്രിൽ മാസത്തെക്കാൾ 112.09 കോടി രൂപ കൂടുതലാണ്. അതുപോലെ 2015-16 മെയ് മാസത്തെ വിദേശമദ്യ വിൽപ്പനയിൽ നിന്നുള്ള വരുമാനം മുൻവർഷത്തെ മെയ് മാസത്തെക്കാൾ 106.44 കോടി രൂപ കൂടുതലാണ്. |
| (സി) | മദ്യ വിപണനത്തിലെ നിയന്ത്രണം സാമ്പത്തിക, സാമൂഹ്യ, ആരോഗ്യ മേഖലകളിൽ വരുത്തുന്ന മാറ്റങ്ങൾ നിരീക്ഷിക്കാനും വിവരങ്ങൾ ശേഖരിക്കാനും സംവിധാനമുണ്ടാക്കുമോ? | (സി) | **2014-2015** വർഷത്തെ മദ്യനയം നടപ്പിലാക്കിയതുമൂലം സംസ്ഥാനത്തിന്റെ സാമൂഹിക/സാമ്പത്തിക/തൊഴിൽ മേഖലകളിൽ ഉണ്ടായിട്ടുള്ള ആഘാത പ്രത്യാഘാതങ്ങൾ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ സ്റ്റഡീസ് (GIFT) തിരുവനന്തപുരം എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിക്കൊണ്ട് 13.2.2015 ലെ ജി.ഒ(എം.എസ്) നം.97/2015/നി.വ നമ്പർ ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ മദ്യ ഉപഭോഗം കുറഞ്ഞിട്ടുണ്ടോ, മദ്യം ഉപയോഗിക്കുന്നവരുടെ എണ്ണത്തിൽ കുറവു വന്നിട്ടുണ്ടോ, മദ്യ വ്യവസായവുമായി ബന്ധപ്പെട്ട മേഖലയിൽ തൊഴിൽ മാന്ദ്യം നേരിടുന്നുണ്ടോ, വ്യാജമദ്യത്തിന്റെ വ്യാപനം ഉണ്ടായിട്ടുണ്ടോ, വിനോദ സഞ്ചാരം/ ഹോട്ടൽ വ്യവസായം എന്നീ മേഖലകളിൽ മദ്യനയത്തിലെ വ്യവസ്ഥകൾ വിപരീത ഫലം ഉണ്ടാക്കിയിട്ടുണ്ടോ എന്നീ വിഷയങ്ങൾ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**